**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1430** | **08.02.2013 - ൽ മറുപടിക്ക്** |

## കരമന-കളിയിക്കാവിള റോഡ് വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ. സുരേഷ് കുറുപ്പ്** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കരമന-കളിയിക്കാവിള റോഡ് വികസനം ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഒന്നാംഘട്ട സ്ഥലമെടുപ്പിനു നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) കരമന-കളിയിക്കാവിള റോഡു വികസനത്തിന്റെ ഒന്നാംഘട്ടമായ കരമന മുതൽ വഴിമുക്ക വരെയുള്ള സ്ഥലമെടുപ്പിനോടനുബന്ധിച്ച് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തെ 4(1) നോട്ടിഫിക്കേഷൻ പ്രാബല്യത്തിൽ വരികയും സർവ്വേ നടപടികൾ പൂർത്തീകരിച്ച് കെട്ടിടങ്ങളുടെ വില നിർണ്ണയം പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം ത്വരിതഗതിയിൽ നടത്തി വരുകയുമാണ്. പുനരധിവാസത്തിനുവേണ്ട നടപടികളുമായി റവന്യൂ വകുപ്പും പ്രവർത്തനങ്ങൾ നടത്തി വരുന്നു. കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 5.5 കി.മീ. ഭാഗത്തെ നടപടികൾ പൂർത്തിയാക്കി ദേശീയപാതാ വിഭാഗത്തിന് സ്ഥലം ലഭ്യമായാൽ ഉടൻ തന്നെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാനാകുമെന്നും പ്രതീക്ഷിക്കുന്നു. കരമന മുതൽ വഴിമുക്ക വരെയുള്ള ഭാഗത്തിന്റെ കരട് ഡി.പി.ആർ-ന്റെ പരിശോധന നടന്നുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റോഡ് വികസനത്തിന് ബഡ്ജറ്റിൽ എന്ത് തുകയാണ് നീക്കി വച്ചിരുന്നത്; ഇതിൽ ചെലവഴിക്കാൻ കഴിയാത്ത തുക എത്ര; | (ബി) | ഈ വർഷത്തെ ബഡ്ജറ്റിൽ കോർപ്പസ് ഫണ്ടായി 300 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. സ്ഥലമെടുപ്പ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മേൽ പറഞ്ഞ തുക ചെലവഴിക്കാൻ കഴിയും. |
| (സി) | പ്രസ്തുത റോഡിന്റെ വികസന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാനാകും; ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (സി) | പ്രസ്തുത റോഡിന്റെ വികസനത്തിൽ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയാക്കി 2013 മാർച്ച് മാസത്തോടെ ദേശീയപാതാ വിഭാഗത്തിന് സ്ഥലം കൈമാറാമെന്ന് പ്രതീക്ഷിക്കുന്നു. അടുത്ത സാമ്പത്തിക വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയുന്നതാണ്. കരമന മുതൽ വഴിമുക്കുവരെയുള്ള ഭാഗത്തിന്റെ കരട് ഡി.പി.ആർ -ന്റെ പരിശോധന നടന്നു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ